# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 185 — 18.03.2013-ൽ മറുപടിയ്ക്ക്

### കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി-വനം വകുപ്പുകളുടെ ആഭിമുഖ്യത്തിൽ കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക, ഏതെല്ലാം പ്രദേശങ്ങളിൽ കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) അനുവദിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനായി 2011 -12 വർഷത്തിൽ 145 ലക്ഷം (95 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്കും, 50 ലക്ഷം രൂപ കോട്ടയം ജില്ലയ്ക്കും) രൂപ അനുവദിച്ചിരുന്നു. ആ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചതിൽ 27.90 ലക്ഷം രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്.<br><br>കോട്ടയം ഡിവിഷനിൽ വൈക്കം, ചെമ്പ്, കുമരകം, വെച്ചൂർ എന്നീ പ്രദേശങ്ങളിൽ കണ്ടൽതൈകൾ വിതരണം ചെയ്യുന്നതിനും, കൈപ്പുഴ, കണിയാൻതോട്, കവണാറ്റിൻകര എന്നീ പ്രദേശങ്ങളിൽ കണ്ടൽതൈകൾ വച്ചുപിടിപ്പിക്കുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുമാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. |
| ബി) ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം പരിപാടികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി കൊല്ലം റീജിയണിൽ 1.99 ലക്ഷം രൂപ ചെലവഴിച്ച് 22 ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. |
| സി) കരാർ നൽകിയാണോ കണ്ടൽ ചെടികൾ വച്ച് പിടിപ്പിച്ചിട്ടുള്ളത്; എങ്കിൽ എന്നാണ് ടെൻഡർ ക്ഷണിച്ചിരുന്നതെന്നും ആർക്കാണ് കരാർ നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ? | സി) കരാർ അടിസ്ഥാനത്തിലല്ല കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചത്. വനം വകുപ്പിൽ ഇപ്പോൾ നിലവിലുള്ള കൺവീനർ സിസ്റ്റം ഉപയോഗിച്ചാണ് ജോലി ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ